# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3351 14.03.2018 - ൽ മറുപടിയ്ക്ക്**

**<u>സൗജന്യ നിരക്കിൽ മരുന്ന ലഭ്യമാക്കവാൻ നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ജനങ്ങൾക്ക് സൗജന്യ നിരക്കിൽ മരുന്ന ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) വരുമാനം കുറഞ്ഞ രോഗികൾക്ക് മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിവിധ സ്കീമുകൾ പ്രകാരവും സൗജന്യ മരുന്ന് വിതരണം നടത്തുന്നുണ്ട്. |
| (ബി) മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി മെഡിക്കൽ സ്റ്റോറുകളിൽ ജനങ്ങൾക്ക് ശരിയായ രീതിയിൽ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ജനങ്ങൾക്ക് ശരിയായ രീതിയിൽ സേവനം ലഭ്യമാക്കാൻ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ബ്രാൻഡഡ് മരുന്നുകൾ 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ 'കേരള ജനറിക്സ്' പദ്ധതിയിലൂടെ 6 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ജനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) രോഗികൾക്ക് ആവശ്യമുള്ള മരുന്നുകൾ പ്രസ്തുത മെഡിക്കൽ സ്റ്റോറുകളിൽ കൃത്യമായി ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിക്കുമോ; | (സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ഉണ്ടാകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ Fast moving, Slow Moving എന്നിങ്ങനെ ഗണത്തിൽപ്പെടുത്തി, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായി മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആശുപത്രിയുമായി ബന്ധപ്പെട്ട് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി യുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ശരിയായ പരിശോധന നടത്തുന്നില്ലെന്ന പരാതി പരിശോധിക്കുമോ; | (ഡി) മൂന്ന് മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെക്കുറിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഇ) രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുവാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) സ്പെഷ്യാലിറ്റി ഡ്രഗ്സ് ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും നിലവിൽ രോഗികൾക്ക് ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ